# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

## വിദ്യാലയ വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് :- ഗവ.എൽ.പി.സ്കൂൾ ഐരുക്കുഴി

വിലാസം :- പവിത്രേശ്വരം P.O. SN പുരം.

ഫോൺ :- 9961803224

സ്കൂൾ കോഡ് :- 39218.

വിദ്യാഭ്യാസ ജില്ല :- കൊട്ടാരക്കര.

വിദ്യാഭ്യാസ ഉപജില്ല :- കൊട്ടാരക്കര.

ബി.ആർ.സി :- കൊട്ടാരക്കര.

ഗ്രാമപഞ്ചായത്ത് :- പവിത്രേശ്വരം

ഇ-മെയിൽ വിലാസം :- gwlps airukuzhi 39218 @ gmail.com.

## ആമുഖം :-

സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണം ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന്റെ മുന്നോടിയായി ദീർഘകാല വീക്ഷണത്തോടു കൂടി തയ്യാറാക്കിയ ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ ആണിത്. അക്കാദമിക മികവ് ആണ് ഒരു വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയാണ്. പൊതുവിദ്യാലയങ്ങളെ പോഷിപ്പിക്കുന്നതിന് അതി വിശാലവും സമഗ്രവുമായ പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

വൈവിധ്യമാർന്നതും നൂതനവുമായ അന്വേഷണങ്ങളിലൂടെയും ഇടപെടലുകളിലൂടെയും വിദ്യാലയ പ്രവർത്തനങ്ങൾ കരുത്തുറ്റതാക്കി മാറ്റാമെന്ന ലക്ഷ്യം ഇതിലൂടെ നിറം കാണാനുണ്ട്. പ്രവർത്തനങ്ങൾ പുരോഗമിക്കുമ്പോൾ പുതിയ സാധ്യതകൾ തെളിഞ്ഞു വരുമെന്ന വിശ്വാസം ഈ പ്ലാനിൽ കാണാം.

## ചരിത്രം :-

1956 ൽ പ്രവർത്തനം ആരംഭിച്ച ഈ സ്കൂളിൽ ഒന്നും, രണ്ടും ക്ലാസ്സുകളാണ് ആദ്യം ആരംഭിച്ചത്. ഓല ഷെഡിലായിരുന്നു ആദ്യം ക്ലാസുകൾ നടത്തിയിരുന്നത്. പിന്നീട് ഇന്നു കാണുന്ന കെട്ടിടം ഉണ്ടായി. പ്രീപ്രൈമറി മുതൽ 4 വരെയുള്ള ക്ലാസുകൾ ഇപ്പോൾ ഇവിടെ നടന്നു വരുന്നു.

ഇടക്കാലത്ത് പൊതുവിദ്യാലയങ്ങൾ നേരിട്ട വെല്ലുവിളികളായ കുട്ടികളുടെ എണ്ണത്തിന്റെ കുറവ് ഞങ്ങളുടെ സ്കൂളിനേയും ബാധിച്ചു. എന്നാൽ നാട്ടുകാരുടെയും എസ്.എസ്.ജിയുടെയും പി.റ്റി.എയുടെയും കൂട്ടായ്മയിൽ കുട്ടികളുടെ എണ്ണത്തിൽ കാര്യമായ മാറ്റം ഉണ്ടാക്കാനും കൊട്ടാരക്കര സബ്ജില്ലയിൽ പവിത്രേശ്വരം പഞ്ചായത്തിൽ മികച്ച പ്രൈമറി വിദ്യാലയങ്ങളിൽ ഒന്നായി മാറാനും പെരുങ്കുഴി സ്കൂളിന് സാധിച്ചിട്ടുണ്ട്.

## നിലവിലെ അവസ്ഥാ വിശകലനം

ഭൗതികം -

ഒരു ഓഫീസും, 3 ക്ലാസ് മുറികൾ, പ്രീപ്രൈമറി ക്ലാസും എന്നിവ ചേരുന്ന ഒരുനില കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേക ടോയ്ലറ്റ് സൗകര്യം ഉണ്ട്. കൂടാതെ ജീവനക്കാർക്ക് പ്രത്യേക ടോയ്ലറ്റ് സംവിധാനവും ഉണ്ട്. വാട്ടർ കണക്ഷൻ ഉണ്ട്.

സ്കൂളിലേക്കാവശ്യമായ ഫർണിച്ചറുകളെല്ലാം തന്നെ ഉണ്ട്. ഉച്ചഭക്ഷണത്തിനായി പാചകപ്പുരയും ഗ്യാസും ഉപയോഗിക്കുന്നു.

ലൈബ്രറിയിൽ ആവശ്യത്തിന് പുസ്തകങ്ങൾ ഉണ്ട്. ഒരു ക്ലാസിൽ പ്രൊജക്ടർ സംവിധാനം ഉണ്ട്.

കുട്ടികൾക്ക് കായികപരമായ കളികളിൽ ഏർപ്പെടുന്നതിനുള്ള കളിസ്ഥലം ഉണ്ട്.

## വിദ്യാലയം വികസനത്തിന്റെ കേന്ദ്രം - കാഴ്ചപ്പാട്

മോചനമരുളുന്നതെന്താണോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോ ഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

• പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

• ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യമൊരുക്കൽ

• പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

• ലോകത്ത് എവിടെയും സമപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചിരിക്കേണ്ട മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ

## വിദ്യാലയം ഏറ്റെടുക്കേണ്ട പ്രവർത്തനം

### അക്കാദമികം - വികസന ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
- വായന പരിപോഷണം
- ശാസ്ത്രപരീക്ഷണ പരിപാടി
- LSS പരിശീലനം
- പഠനയാത്രകൾ.
- പച്ചക്കറിത്തോട്ടം
- പൂന്തോട്ട നിർമ്മാണം
- ബോധവത്കരണ ക്ലാസുകൾ.
- ഉൽപ്പന്ന മികവുകൾ പൊതുസമൂഹത്തിലെത്തിക്കൽ
- ക്ലാസ് പി ടി എ കാര്യക്ഷമമാക്കൽ.

## ലക്ഷ്യങ്ങൾ :-

→ എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു.

→ വിദ്യാർത്ഥികളുടെ പഠനത്തിൽ മികവും വർധനവ് വരുത്തുക

→ കരിക്കുലം ലക്ഷ്യം വയ്ക്കുന്ന പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളും നേടി എന്ന് ഉറപ്പ് വരുത്തുക

→ ഭാഷാശേഷി വർദ്ധിപ്പിക്കാനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക

→ വൈവിധ്യം ആർന്ന ഗണിതകേളികളിലൂടെ ഗണിത പഠനം രസകരമാക്കുക

→ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പരിസര പഠനം ഫലപ്രദമാക്കുക

→ ജീവിത മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന തലമുറയെ വാർത്തെടുക്കുക

→ പഠനത്തിൽ IT യുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.

→ ഭിന്നശേഷി സൗഹൃദ വിദ്യാലയം ഒരുക്കുക ഇത്തരം കുട്ടികളെ സാധാരണ കുട്ടികളോടൊപ്പം മുന്നേറാൻ സഹായകരമായ പഠന പ്രവർത്തനങ്ങൾ

നൽകി പിന്തുണ സംവിധാനം ശക്തിപ്പെടുത്തുക

## അക്കാദമികം

LKG, UKG ഉൾപ്പെടെ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ കുട്ടികൾ അധ്യയനം നടത്തുന്നു.

അധ്യാപകർ :- ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 4 അധ്യാപകരും പ്രീപ്രൈമറി ഒരു അധ്യാപകരും, ശുചീകരണ പ്രവർത്തനങ്ങൾക്കായി PTCM ഉം നിലവിൽ ജോലിചെയ്യുന്നു.

സാമൂഹികം :- വിദ്യാലയത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് സമൂഹം പ്രധാന പങ്കുവഹിക്കുന്നു വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നു വരുന്ന നിരവധി കുട്ടികൾ വിദ്യാലയത്തിൽ ഉണ്ട്. പഠനത്തിന് രക്ഷിതാക്കളുടെ പിന്തുണയും ശ്രദ്ധയും മികച്ച ഗൃഹാന്തരീക്ഷം എന്നിവ വളരെ വലുതാണ്.

## പ്രവർത്തന വിശദാംശങ്ങൾ
## മലയാളം - ഭാഷാശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| * എല്ലാ കുട്ടികൾക്കും മലയാളം നന്നായി വായിക്കുവാനും എഴുതുവാനുമുള്ള ശേഷി. | ◦ അക്ഷരം ഉറപ്പിക്കൽ<br>◦ ചിഹ്നം ഉറപ്പിക്കൽ<br>◦ പദ നിർമ്മാണം, വാക്യനിർമ്മാണം.<br>◦ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്കും ഭിന്നശേഷി കുട്ടികൾക്കും പ്രത്യേകം പഠന ക്ലാസ്. | ◦ ഒരു വർഷം പൂർണമായും | അതത് ക്ലാസിലെ അധ്യാപകർ. |
| * എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക. | * ക്ലാസ് വായനക്കൂട്ടം രൂപീകരണം<br>* ക്ലാസ് ലൈബ്രറി നവീകരണം.<br>* സ്കൂൾ ലൈബ്രറി ശാക്തീകരണം.<br>* Reading room സജ്ജമാക്കൽ<br>* വായനോത്സവം.<br>* ജന്മദിന പുസ്തകം.<br>* പത്രവായന (Assemblyയിൽ അവതരണം, ക്വിസ്) | ഒരുവർഷം | വിദ്യാരംഗം ചുമതലയുള്ള ടീച്ചർ, ക്ലാസ് ടീച്ചർ. |
| * സർഗാത്മകശേഷി വികസനം. | * വായനാനുഭവം പങ്കുവയ്ക്കൽ<br>* പ്രശ്നോത്തരി<br>* കവിതാലാപനം/കഥാവതരണം<br>* അമ്മയ്ക്കൊരു പുസ്തകം. | മാസത്തിൽ ഒരു തവണ.<br>ആഴ്ചയിൽ ഒന്ന്. | വിദ്യാരംഗം അധ്യാപിക, ക്ലാസ് അധ്യാപിക. |
| *വിവിധ സാഹിത്യരചനകൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | * ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ-പുസ്തകങ്ങൾ വർഗീകരിച്ച് ക്രമീകരിക്കൽ, | വർഷത്തിൽ രണ്ടു പ്രാവശ്യം | SRG |

## ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| *എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി. | * ഇംഗ്ലീഷ് ക്ലാസ്സ് ഇംഗ്ലീഷിൽ തന്നെ കൈകാര്യം ചെയ്യൽ | Daily. | |
| | * ആഴ്ചയിൽ ഒരുദിവസം English അസംബ്ലി. | once in a week | Eng tr |
| | * Spoken English പരിശീലനം. | Twice in a week. | |
| | * English ൽ ഡയറി / News. | | |
| * വായനാ പരിപോഷണം. | * ക്ലാസ് ലൈബ്രറിയിൽ Eng പുസ്തകങ്ങൾ ഉൾക്കൊള്ളിക്കൽ. | once in a week. | Eng tr |
| * കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | * രചനകൾ സ്കൂൾ / ക്ലാസ് ശേഖരങ്ങൾ FB, സ്കൂൾ വിക്കി ഇവയിൽ ലഭ്യമാക്കൽ. | പ്രതിമാസം | വിദ്യാരംഗം ചുമതലക്കാർ |
| * ഇംഗ്ലീഷ് തിയേറ്റർ | * പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ.<br>Eg: Skit, Conversation, Drama. | പ്രതിമാസ പരിപാടി | Eng അധ്യാപകർ, HM. |

## ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ - മാർച്ച് പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിക്കൽ | ഒരു വർഷം | SRG |
| | | | |
| | പഠനയാത്രകൾ/ഫീൽഡ്ട്രിപ്പുകൾ | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| പഠനയാത്രകളിലൂടെ ചുറ്റുമുള്ള പ്രകൃതി, മ്യൂസിയങ്ങൾ, മൃഗശാല, കൊട്ടാരങ്ങൾ എന്നിവയെ അടുത്തറിയുക. | പ്രകൃതി നടത്തം, field trip, പഠനയാത്ര എന്നിവയിലൂടെ പ്രധാന സ്ഥലങ്ങൾ നേരിൽ കണ്ട് പഠനം നടത്തുന്നു. | വർഷത്തിൽ 2-3 തവണ | SRG. |
| | ആരോഗ്യമുള്ള ശരീരം, മനസ്സ് | | |
| ആരോഗ്യമുള്ള ശരീരവും മനസ്സും രൂപപ്പെടുത്തലിലൂടെ വിദ്യാഭ്യാസം ഫലപ്രദമാക്കൽ | * കായിക പരിശീലനം<br>* സുംബ ഡാൻസ്<br>* സർഗവേള | ആഴ്ചയിൽ രണ്ട് ദിവസം<br>ആഴ്ചയിൽ ഒന്ന് | അധ്യാപകർ |
| | LSS പരീക്ഷാ പരിശീലനം. | | |
| പരമാവധി കുട്ടികൾക്ക് LSS ലഭ്യമാക്കൽ. | LSS സ്കോളർഷിപ്പ് പരീക്ഷകൾക്ക് തുടക്കം മുതൽ ചിട്ടയായ പരിശീലനം [STD IV] | ജൂൺ - ഫെബ്രുവരി | SRG, നാലാം ക്ലാസ് അധ്യാപിക. |

അക്കാദമികം - സാമൂഹികം.

CPTA ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി CPTA ശാക്തീകരണത്തിലൂടെ രക്ഷിതാക്കൾക്ക് കുട്ടിയുടെ മികവ്, പോരായ്മകൾ തിരിച്ചറിഞ്ഞ് കുട്ടിയെ സഹായിക്കാൻ, സഹകരണം ഉറപ്പാക്കാൻ | * CPTA കാര്യക്ഷമമാക്കൽ<br>* പഠന മികവ് അവതരണം<br>* പഠനത്തെളിവ് അവതരണം പ്രദർശനം<br>* പഠനോത്സവം | ടേമിൽ ഒന്ന് വീതം | SRG, ക്ലാസ് ടീച്ചർ. |
| | ശാസ്ത്രാഭിരുചി വളർത്തൽ | | |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | * ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര തത്വങ്ങൾ കുട്ടികളിലെത്തിക്കൽ.<br>* CPTAയിൽ കുട്ടികൾ പരീക്ഷണം അവതരിപ്പിക്കൽ<br>* സയൻസ് പ്രദർശനം.<br>* ഗവേഷണാത്മക പഠനം. (സർവേ, അഭിമുഖം, നിരീക്ഷണം) | വർഷത്തിൽ 1-2 തവണ<br>ടേമിൽ ഒന്ന്<br>വർഷത്തിൽ ഒന്ന്. | SRG അധ്യാപിക. |
| ശാസ്ത്രമേളകളിലെ പങ്കാളിത്തം | * മേളകളിൽ പങ്കെടുക്കാൻ പരിശീലനം. | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ്ബ് Tr |

# ഗണിതാഭിരുചി വളർത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ. | * ഗണിതകിറ്റ്, വർക്ക് ഷീറ്റുകൾ എന്നിങ്ങനെയുള്ള സാമഗ്രികൾ ഉപയോഗിച്ച് കുട്ടികളിൽ ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. * ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി Peer learning നടത്തുന്നു. | ജൂൺ-ഒക്ടോബർ | ഗണിത അധ്യാപിക |
| 2. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | * ഗണിതലാബ് പ്രത്യേകമായി സജ്ജീകരിക്കുന്നു. കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി ഗ്രഹിക്കാൻ തക്ക വിധത്തിൽ ലാബ് സൗകര്യം പ്രയോജനപ്പെടുത്തുന്നു. * ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയത്തിലെ ജനൽ അഴികൾ, വാതിൽ എന്നിവയിൽ തയ്യാറാക്കിയ രൂപങ്ങൾ പ്രയോജനപ്പെടുത്തുന്നു. | | |
| | പ്രവൃത്തി പരിചയം | | |
| പ്രവൃത്തി പരിചയ പരിശീലനം. | പ്രവൃത്തി പരിചയത്തിൽ താത്പര്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകി വിൽക്കാവുന്ന ഉത്പന്നങ്ങൾ നിർമ്മിക്കൽ. ഇതിനായി വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 1 വർഷത്തിൽ 2 മാസം | SSG SRG |

# കായിക വിദ്യാഭ്യാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ കായികശേഷി വർധിപ്പിക്കൽ<br>*വ്യായാമമുറകളുടെ പരിശീലനം. | * ഫുട്ബോൾ പരിശീലനം.<br>* ഷട്ടിൽ പരിശീലനം<br>* കുട്ടികൾക്ക് ആഴ്ചയിലൊരിക്കൽ സൂംബ ഡാൻസ് പരിശീലിപ്പിക്കുന്നു.<br>* Assemblyൽ വ്യായാമമുറകൾ പരിശീലിപ്പിക്കുന്നു. | എല്ലാ ദിവസവും വൈകിട്ട്<br>once in a week<br>ദിവസവും | SRG<br>അധ്യാപകർ. |
| | കലാരംഗം. | | |
| കലാരംഗത്ത് മികവ് പുലർത്തുന്നവർക്ക് പരിശീലനം. | കലാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ | ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം. | SRG<br>SSG. |
| | കൗൺസിലിംഗ് | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
| *വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകൽ. നല്ല വ്യക്തിത്വമുള്ളവരാക്കൽ | * ആത്മവിശ്വാസം, ധൈര്യം ഇവ വർധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>* ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം, തുടങ്ങിയ വിവിധ മാർഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ, അയ്ക്കും ശേഷവും കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നു. | വർഷം മുഴുവൻ ആവശ്യാനുസരണം. | SSG. |

# ഉപസംഹാരം.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ മഹത്തായ ആശയങ്ങൾ ഉൾക്കൊണ്ട് പ്രവർത്തനാധിഷ്ഠിതവും കുട്ടികളുടെ സർവതോൻമുഖവുമായ വികാസത്തിനും ഊന്നൽ നൽകിക്കൊണ്ട് തയ്യാറാക്കിയ ഈ മാർഗങ്ങൾ കുട്ടികളിൽ പുത്തനുണർവുണ്ടാകാൻ സഹായകമാകും എന്ന് പ്രത്യാശിക്കുന്നു. പുതിയ കാലഘട്ടത്തിൽ ആവശ്യങ്ങൾക്കനുസരിച്ച് കൂടുതൽ കരുത്തും ഒരു സമൂഹത്തെ വാർത്തെടുക്കാൻ ഈ മാർഗരേഖയിലധിഷ്ഠിതമായ പഠനപ്രക്രിയക്ക് കഴിയട്ടെ.

---

GWLPS
ചെയിരുക്കാഴി